പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1422** **11.08.2017 ൽ മറുപടിയ്ക്ക്**

# ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വിഷരഹിത പച്ചക്കറിഉൽപ്പാദിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രോത്സാഹനപദ്ധതികളുടെ മാതൃകയിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം 2017-18 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ പായ്ക്കേജ് ഓഫ് പ്രാക്ടീസിനെ അടിസ്ഥാനപ്പെടുത്തി ഫലവൃക്ഷ വിളകളായ പപ്പായയുടെ വിളവിസ്തൃതി വ്യാപനം, മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം എന്നിവയുടെ അതിസാന്ദ്രതാകൃഷി, അൾട്രാ അതിസാന്ദ്രതാകൃഷി, പ്ലാവിന്റെ സൂക്ഷ്മ ജലസേചന സംവിധാനത്തോടുകൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) | ഒരു വീട്ടിൽ ഒരു ഫലവൃക്ഷമെങ്കിലും നട്ടുവളർത്തുന്നതിന് സഹായകരമാകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ; | ബി) & സി) & ഡി) | കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടങ്ങളിലും കേരള കാർഷിക സർവ്വകലാശാലയുടെ കൃഷിത്തോട്ടങ്ങളിലും ഫലവൃക്ഷ തൈകളുടെ ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇവ കൃഷിഭവനുകളിലൂടെയും മറ്റ് വില്പന ശാലകളിലൂടെയും സബ്സിഡി നിരക്കിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷ തൈകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ വിപുലമായി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി കുടുംബശ്രീ വഴിയും തൊഴിലുറപ്പ് |
| സി) | ഇതിലേക്കായി കുറഞ്ഞ കാലയളവിൽ ഫലങ്ങൾ തരുന്ന നല്ലയിനം ഒട്ടുതൈകൾ കൃഷിവകുപ്പ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുമോ; | | |

| | |
|---|---|
| ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | പദ്ധതി വഴിയും ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകൾ ഉത്പാദിപ്പിക്കുവാനും വിതരണം ചെയ്യുവാനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**